മാതൃഭൂമി

19 January 2017

# 'എം' കൃഷി ഫിഷറീസ് മൊബൈൽ ആപ്പിന് ദേശീയ അംഗീകാരം

**മത്സ്യം കൂടുതൽ ലഭിക്കാനും ഇന്ധന ഉപഭോഗം കുറയ്ക്കാനും ആപ്ലിക്കേഷൻ**

**കൊച്ചി:** മത്സ്യബന്ധനം കൂടുതൽ കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ വികസിപ്പിച്ച 'എം' കൃഷി ഫിഷറീസ് മൊബൈൽ ആപ്പിന് ദേശീയ അംഗീകാരം. കേന്ദ്ര വിദേശകാര്യ മന്ത്രാലയവും നീതി ആയോഗും ചേർന്ന് തയ്യാറാക്കിയ രാജ്യത്തെ 20 മികച്ച നൂതന സാമൂഹിക നേട്ടങ്ങളുടെ പട്ടികയിൽ 'എം' കൃഷി ആപ്പിനെയും ഉൾപ്പെടുത്തി. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെയും (സി.എം.എഫ്.ആർ.ഐ.) ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷന്റെയും (ഇൻകോയിസ്) സാങ്കേതിക വിദ്യ ഉപയോഗിച്ച് ടാറ്റ കൺസൽട്ടൻസി സർവീസസാണ് ഈ ആപ്ലിക്കേഷൻ വികസിപ്പിച്ചത്. കടലിൽ കൂടുതൽ മത്സ്യ ലഭ്യതയുള്ള മേഖല, സമുദ്ര ജലോപരിതല ഊഷ്മാവ്, കാലാവസ്ഥ, മത്സ്യങ്ങളുടെ തീറ്റയായ പ്ലവകങ്ങളുടെ സാന്നിധ്യം തുടങ്ങിയ വിവരങ്ങൾ ഈ ആപ്ലിക്കേഷനിലൂടെ അറിയാം. സി.എം.എഫ്.ആർ.ഐ.യുടെ മുംബൈ ഗവേഷണ കേന്ദ്രമാണ് ഇതിന് നേതൃത്വം നൽകുന്നത്. ഈ ആപ്ലിക്കേഷന്റെ സഹായത്തോടെ മത്സ്യത്തൊഴിലാളികൾക്ക് 30 ശതമാനം വരെ ഇന്ധന ഉപഭോഗം കുറയ്ക്കാനായെന്ന് സി.എം.എഫ്.ആർ.ഐ. കണ്ടെത്തിയിരുന്നു. മത്സ്യ ലഭ്യതയിലും വർധനയുണ്ടായി. മഹാരാഷ്ട്രയിലെ 13 മത്സ്യത്തൊഴിലാളി സംഘങ്ങളിലാണ് പഠനം നടത്തിയത്. എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ വികസിപ്പിച്ച ഫിഷർ ഫ്രണ്ട് മൊബൈൽ ആപ്ലിക്കേഷൻ (എഫ്.എഫ്.എം.എ.) എന്ന മൊബൈൽ ആപ്പാണ് കേരളത്തിലെ തീരങ്ങളിൽ ഉപയോഗിക്കുന്നതിനായി നിലവിലുള്ളത്. ഈ സംരംഭത്തിലും സി.എം.എഫ്.ആർ.ഐ. പങ്കാളിയാണ്.